"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡോ. കെ. ആർ. ബിജുവിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2219/2024/HOME തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:-

1. സ.ഉ.(പി) നം. 580/2013/ധന, തിയതി, 28.11.2013
2. സ.ഉ.(സാധാ)നം.1265/2021/ ആഭ്യന്തരം, തീയതി 27.04.2021.
3. സ.ഉ.(സാധാ)നം.2387/2022/ആഭ്യന്തരം,തീയതി 25.08.2022.
4. സ.ഉ.(സാധാ)നം.1862/2023/ആഭ്യന്തരം, തീയതി,11.07.2023.
5. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 24/05/2024 തീയതിയിലെ ഇ 4 - 9448/2024/പി.ആർ.എച്ച്.ക്യൂ നമ്പർ കത്ത്.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.06.2024 - ലെ ഇ.എ3 10652/2024/ആ.വ.ഡ. നമ്പർ നിരാക്ഷേപ പത്രം.

**<u>ഉത്തരവ്</u>**

തൃശ്ശൂർ വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ, ഡോ. കെ. ആർ. ബിജുവിന് പരാമർശം - (2) ലെ ഉത്തരവ് പ്രകാരം വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം അനുവദിക്കുകയും പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം സേവനകാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ടിയാന്റെ സേവനകാലാവധി 03.06.2024 — ൽ അവസാനിക്കുന്നതായും അതീവ സുരക്ഷാ ജയിലിൽ മെഡിക്കൽ ഓഫീസറുടെ സേവനം അനിവാര്യമായതിനാൽ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം - (5) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അന്യത്രസേവനം ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പിന് എതിർപ്പില്ലായെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഡോ. കെ. ആർ. ബിജുവിന്റെ അന്യത്രസേവന കലാവധി, കേരള സർവീസ് ചട്ടങ്ങൾ ഭാഗം - 1, ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കു വിധേയമായും പരാമർശം - (1) ഉത്തരവിലെ നിബന്ധനകളിൽ ഇളവ് വരുത്തിക്കൊണ്ടും 04.06.2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ARUN R B

അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.

ഡോ. ബിജു. കെ.ആർ (വിയ്യൂർ അതീവ സുരക്ഷാ ജയിൽ സൂപ്രണ്ട് മുഖേന).

ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.

സൂപ്രണ്ട്, അതീവ സുരക്ഷാ ജയിൽ, വിയ്യൂർ, തൃശ്ശൂർ.

ആരോഗ്യവും കുടുംബ ക്ഷേമവും (എ) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ .

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
Date: 02-08-2024 12:59:16

സെക്ഷൻ ഓഫീസർ

പകർപ്പ് - 1) ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2) ബഹു. ആരോഗ്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

<u>മേലെഴുത്തു നം.ഇഎ3-10652/2024-ആവഡ തിയതി.</u> 26-10-2024

ഡോ. ബിജു കെ ആർ,അസിസ്റ്റന്റ് സർജന് അന്യത്ര സേവനം അനുവദിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട് ആയതു അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

Signed by V. Gopakumar
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി
Date: 26-10-2024 15:36:18